LIBRARY ARCHIVES Kerala Legislative Assembly

മാർത്താണ്ഡം കായൽ പാടശേഖരം

144 (1615) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർത്താണ്ഡം കായൽ പാടശേഖരം മട വീണതിന് നഷ്ടപരിഹാരം അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഡി ബ്ലോക്ക് കായൽ പാടശേഖരം മടകുത്തി കൃഷിയോഗ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മാർത്താണ്ഡം കായൽ പാടശേഖരത്തിൽ 2014-15 പുഞ്ച കൃഷിക്കായി നിലമൊരുക്കുന്നതിന്റെ പ്രാരംഭനടപടികൾ ചെയ്തുകൊണ്ടിരുന്ന സമയത്താണ് മടവീഴ്ച സംഭവിച്ചത്. മട പുനർനിർമ്മിക്കുന്നതിന് തയ്യാറാക്കിയ 19,46,965 രൂപയുടെ എസ്റ്റിമേറ്റ് 17-10-2015-ൽ നടന്ന സ്റ്റേറ്റ് ലെവൽ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. വാല്യുവേഷൻ തയ്യാറാകുന്ന മുറയ്ക്ക് ഇക നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ഡി ബ്ലോക്ക് കായൽ പാടശേഖരത്തിൽ 21-10-2015-ൽ മടവീഴ്ച സംഭവിച്ചതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും മട പുനർനിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിനെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്ത് മട പുനർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

നീര പദ്ധതി

145 (1616) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര പദ്ധതിക്ക് ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇക എത്രയായിരുന്നുവെന്നും ഇതിൽ എത്ര രൂപ ഏതെല്ലാം ആവശ്യത്തിന് നടപ്പ് വർഷം പിൻവലിക്കുകയുണ്ടായി എന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഉൽപ്പാദക കമ്പനികൾ ആവശ്യപ്പെട്ട സഹായധനം എത്രയായിരുന്നുവെന്നും അതിൽ എത്ര കോടി നടപ്പ് വർഷം വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; നീര ടെക്നീഷ്യൻമാരുടെ പരിശീലനത്തിന് ആവശ്യപ്പെട്ട തുകയും നൽകിയ തുകയും വ്യക്തമാക്കുമോ;

(സി) കർഷകർക്ക് കെ.എഫ്.ഡി.സി. വഴി മൂലധനമായി നൽകുമെന്ന് പറഞ്ഞ തുകയും നൽകിയ തുകയും വ്യക്തമാക്കുമോ;

(ഡി) നിലവിലെ പ്രതിമാസ നീര ഉൽപ്പാദനവും ലക്ഷ്യമിട്ട ഉൽപ്പാദനവും എത്രയെന്നും വ്യാപാരാടിസ്ഥാനത്തിൽ ലക്ഷ്യമിട്ട പ്ലാന്റുകൾ ഏതൊക്കെയെന്നും അവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഇ) നീര ഉൽപ്പാദനത്തിനായി അപേക്ഷിച്ചവർ എത്രയെന്നും അവരിൽ എത്ര പേർക്ക് അനുമതി നൽകിയെന്നും അറിയുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നീര ഉല്പാദനത്തിനായി നടപ്പുവർഷം ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 50 ലക്ഷം രൂപ കൈപ്പഴ നാളികേര ഉല്പാദക കമ്പനിക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത തുക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) ഉൽപ്പാദക കമ്പനികൾ സഹായധനമായി നടപ്പുവർഷം 227.38 ലക്ഷം രൂപ ആവശ്യപ്പെടുകയുണ്ടായി. ഇതിൽ 50 ലക്ഷം രൂപ കൈപ്പഴ നാളികേര ഉത്പാദക കമ്പനിക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത തുക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നീര ടെക്നീഷ്യൻമാരുടെ പരിശീലനത്തിന് തുക അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കർഷകർക്ക് കെ.എഫ്.ഡി.സി. വഴി മൂലധനമായി 10 കോടി രൂപ നൽകുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് സർക്കാരിന് ഇതുവരെ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) കേരള കാർഷിക സർവ്വകലാശാലയിൽ നിലവിലെ പ്രതിമാസ നീര ഉല്പാദനം 7543 ലിറ്ററും ലക്ഷ്യമിട്ട ഉത്പാദനം 3 യൂണിറ്റുകളിലായി 30000 ലിറ്ററുമാണ്. വ്യാപാരാടിസ്ഥാനത്തിൽ പ്ലാന്റുകൾ കേരള കാർഷിക സർവ്വകലാശാലയ്ക്ക് ഇല്ല. നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ 10000 ലിറ്റർ പ്രതിദിന ശേഷിയുള്ള പ്ലാന്റിന്റെ പ്രവർത്തനം ആറളം ഫാമിൽ പുരോഗമിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly